(ബി) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ അമ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങളുള്ള കോളനികളെയാണ് തെരഞ്ഞെടുക്കുന്നത്. പദ്ധതിക്കായി പുതിയ കോളനികളെ തെരഞ്ഞെടുക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ബാർബർ തൊഴിലാളികളുടെ പശ്ചാത്തല സൗകര്യ വികസനം

203 (2412) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പിന്നോക്ക സമുദായ വികസന വകുപ്പുവഴി പ്രസ്തുത സമുദായത്തിൽപ്പെട്ട ബാർബർ തൊഴിലാളികളുടെ പശ്ചാത്തല സൗകര്യങ്ങൾ ആധുനികവൽക്കരിക്കുന്നതിനുള്ള ധനസഹായത്തിനായി 2013-14 -ലെ ബഡ്ജറ്റ് വിഹിതമായി എത്ര തുക ഉൾക്കൊള്ളിച്ചിരുന്നുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി വിഹിതമായി 2014-15-ൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) നിലവിലെ ബഡ്ജറ്റിൽ എത്ര തുക അനുവദിച്ചിട്ടുണ്ട് ?

ഉത്തരം

(എ) 2015-16 ബഡ്ജറ്റിലാണ് ടി പദ്ധതി ആദ്യമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

(ബി) ബാധകമല്ല.

(സി) 2015-16-ൽ 255 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

പിന്നോക്ക വിഭാഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ പദ്ധതികൾ

204 (2413) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പിന്നോക്ക വിഭാഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി 2014-15 ലെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ 80 കോടി രൂപ വിനിയോഗിച്ചു നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ചു ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സ്കോളർഷിപ്പുകളിലും ഗ്രാന്റുകളിലും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല. ജില്ല തിരിച്ച് വിവരങ്ങൾ ലഭ്യമായ സ്കീമുകളുടെ ചെലവ് അനുബന്ധമായി നൽകുന്നു.*

പട്ടികജാതി മിശ്ര വിവാഹിതർക്കുള്ള ധനസഹായം

205 (2414) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിശ്ര വിവാഹിതർക്ക് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ഒരു വ്യക്തിയ്ക്ക് എത്ര രൂപയാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പ്രസ്തുത ധനസഹായം എത്ര രൂപയാണ് നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഈയിനത്തിൽ ഇപ്പോൾ നല്കി വരുന്ന തുക വളരെ കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര രൂപ വർദ്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വകുപ്പിൽ നിന്നും ഒരു വ്യക്തിക്ക് 50,000 രൂപ മിശ്ര വിവാഹ ധനസഹായമായി നൽകി വരുന്നു.

(ബി) മുൻ സർക്കാരിന്റെ കാലത്ത് 31-5-2009 വരെ മിശ്ര വിവാഹ ധനസഹായം 20,000 രൂപയായിരുന്നു. 1-6-2009-ലെ സ.ഉ.(കൈ) 42/09/ പജപവവിവ പ്രകാരം 1-6-2009 മുതൽ ടി ധനസഹായ തുക 50,000 രൂപയായി വർദ്ധിപ്പിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly